# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3290 — 16.12.2015 ലെ മറുപടിക്ക്

**<u>അംഗീകാരം നൽകാൻ കഴിയാത്ത ഫ്ലാറ്റുകൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.വി.വിജയദാസ്: | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) അംഗീകാരം നൽകാൻ കഴിയാത്ത അനധികൃതമായി നിർമ്മിക്കപ്പെട്ട എത്ര ഫ്ലാറ്റുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | (എ) നഗരസഭകളെ സംബന്ധിച്ച് ലഭ്യമായ കണക്കുകൾ പ്രകാരം തൃശ്ശൂർ, എറണാകുളം നഗരസഭകളിലായി അനധികൃതമായി നിർമ്മിച്ച മൂന്ന് ഫ്ലാറ്റുകൾ ഉണ്ട് (തൃശ്ശൂർ-1, എറണാകുളം-2). 39 നഗരസഭകളിൽ നിന്നുകൂടി വിവരങ്ങൾ ലഭ്യമാകാനുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി നിർമ്മിക്കപ്പെട്ട 8 ഫ്ലാറ്റുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫ്ലാറ്റുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) 31.03.2013 ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിലവിലുള്ള ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം 31.12.2015 വരെ സമയപരിധി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഗ്രാമപഞ്ചായത്തുകളിലെ അനധികൃതമായി നിർമ്മിക്കപ്പെട്ട ഫ്ലാറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | ഇല്ല |
| 2. | കൊല്ലം | ഇല്ല |
| 3. | പത്തനംതിട്ട | 1 |
| 4. | ആലപ്പുഴ | 1 |
| 5. | കോട്ടയം | 3 |
| 6. | ഇടുക്കി | ഇല്ല |
| 7. | എറണാകുളം | 1 |
| 8. | തൃശ്ശൂർ | 1 |
| 9. | പാലക്കാട് | ഇല്ല |
| 10. | മലപ്പുറം | ഇല്ല |
| 11. | കോഴിക്കോട് | ഇല്ല |
| 12. | വയനാട് | ഇല്ല |
| 13. | കണ്ണൂർ | ഇല്ല |
| 14. | കാസർഗോഡ് | 1 |